"വെള്ളപേപ്പറിൽ വളരെ വ്യക്തതയോടെ സഭ്യമായ ഭാഷയിൽ പരാതി എഴുതി അപേക്ഷകന്റെ വ്യക്തമായ മേൽവിലാസവും കൈയൊപ്പും രേഖപ്പെടുത്തി ബഹു: നിയമസഭാ സ്പീക്കറെയോ, സമിതി ചെയർമാനെയോ, നിയമസഭാ സെക്രട്ടറിയേയോ അഭിസംബോധന ചെയ്ത് യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി, കേരള നിയമസഭ, തിരുവനന്തപുരം- 695033. എന്ന വിലാസത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സമിതിക്ക് പരാതി നൽകുന്നതിന് മുൻപ് ബന്ധപ്പെട്ട വകുപ്പിന് പരാതി നൽകണമെന്ന് നിർബന്ധമില്ല. സംസ്ഥാന/കേന്ദ്ര സർക്കാർ ജീവനക്കാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട പരാതികൾ, ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെയോ ഒരു അന്വേഷണ കോടതിയുടെയോ അഥവാ ഒരു സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിന്റെയോ അതോറിറ്റിയുടെയോ അഥവാ ഒരു അർദ്ധ നീതിന്യായ സമിതിയുടെയോ ഒരു കമ്മിഷന്റെയോ പരിഗണനയിലിരിക്കുന്ന സംഗതികളെ സംബന്ധിച്ച നിവേദനങ്ങൾ എന്നിവ സ്വീകരിക്കുന്നതല്ല."